# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3785

## 15.03.2017 - ലെ മറുപടിയ്ക്ക്

### ട്രഷറി ബാങ്കിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ഡി. പ്രസേനൻ | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് |
| ട്രഷറി ബാങ്കിംഗ് സമ്പ്രദായം എളുപ്പമാക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ? | ട്രഷറി സേവിംഗ്സ് ബാങ്ക് (ടി.എസ്.ബി) സമ്പ്രദായം കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ പ്രധാന നേട്ടങ്ങൾ (1) ഏതു ട്രഷറിയിൽ നിന്നും ടി.എസ്.ബി. അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയുന്നു. (2) ഏതു ട്രഷറി മുഖേനയും ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കാൻ കഴിയുന്നു എന്നിവയാണ്.<br>കോർ ബാങ്കിംഗ് സംവിധാനത്തിന്റെ അടുത്ത ഘട്ടമായി ഇടപാടുകാരുടെ സൗകര്യാർത്ഥം നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ട്രഷറിയിൽ അക്കൗണ്ടുള്ള ഒരാൾക്ക് ഇന്റർനെറ്റ് സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി സ്വന്തം അക്കൗണ്ടിലുള്ള പണം മറ്റ് ബാങ്ക് / ടി.എസ്.ബി അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനോ ട്രഷറിയിലെ അക്കൗണ്ടിൽ നിന്ന് സർക്കാർ സേവനങ്ങൾക്ക് വേണ്ടി അടയ്ക്കുന്നതിനോ താമസംവിനാ സൗകര്യമുണ്ടാകും. ഓരോ ഇടപാടുകാരനും ഇതിനായി സുരക്ഷിതമായ User id - യും Password - ഉം നൽകുന്നതാണ്. ഇപ്രകാരമുള്ള സൗകര്യങ്ങൾക്കായി ഇടപാടുകാരൻ തുടർന്ന് ട്രഷറി സന്ദർശിക്കേണ്ടതുമില്ല. |

സെക്ഷൻ ഓഫീസർ